(ഡി) അർഹരായവർക്കെല്ലാം പ്രസ്തുത ആനുകൂല്യം അടിയന്തരമായി ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

അർഹരായ അപേക്ഷകർക്ക് ആനുകൂല്യം അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ നിലവിലുള്ളതുകൊണ്ട് ഫയലുകൾ കൂടിശ്ശിക വരാതിരിക്കുന്നതിന് ' Work at home' വ്യവസ്ഥയിൽ ജീവനക്കാർ ഇപ്പോൾ ജോലി ചെയ്യുന്നുണ്ട്. കൂടാതെ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് ഇരുപതോളം പുതിയ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കുന്നു.

കമ്മീഷൻ ജീവനക്കാരുടെ പെൻഷൻ

263(3695) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യത്തിന് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ സ്ഥാപനങ്ങളിൽ കമ്മീഷൻ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്നവർ പെൻഷൻ ബോർഡിൽ അടച്ച ആകെ തുക നാല് ലക്ഷം രൂപയുണ്ടെങ്കിൽ മാത്രമേ അവർക്ക് പെൻഷൻ ലഭിക്കുകയുള്ളുയെന്ന വ്യവസ്ഥ നിലവിലുണ്ടോ; എങ്കിൽ ഇത് പുനഃപരിശോധിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

സഹകരണ പെൻഷൻ പദ്ധതി ഒരു സ്വാശ്രയ പെൻഷൻ പദ്ധതിയായതിനാൽ സംഘങ്ങളിൽനിന്നും ലഭിക്കുന്ന കോൺട്രിബ്യൂഷനിൽ നിന്നാണ് പെൻഷൻ അനുവദിക്കുന്നത്. ആയതിനാൽ നിശ്ചിത തുക കോൺട്രിബ്യൂഷനായി ലഭിച്ചാൽ മാത്രമേ മിനിമം പെൻഷൻ ചട്ടപ്രകാരം അനുവദിക്കാൻ കഴിയുകയുള്ളൂ.

മലപ്പുറം ജില്ല സഹകരണ ബാങ്കിലെ ഒഴിവുകൾ

264 (3696) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ല സഹകരണ ബാങ്കിൽ ഏതെല്ലാം തസ്തികകളിൽ ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ?

മലപ്പുറം ജില്ലാ സഹകരണ ബാങ്കിൽ ഡെപ്യൂട്ടി ജനറൽ മാനേജർ തസ്തികയിൽ 1 ഒഴിവും, ശാഖാമാനേജർ തസ്തികയിൽ 3 ഒഴിവുകളും, ക്ലാർക്ക്/കാഷ്യർ തസ്തികയിൽ 5 ഒഴിവുകളും, പ്യൂൺ തസ്തികയിൽ 14 ഒഴിവുകളുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തസ്തികകളുടെ പേര്, ഒഴിവുകൾ നിലവിൽ വന്ന തീയതി എന്നിവ തരം തിരിച്ച് വ്യക്തമാക്കാമോ?

ഡെപ്യൂട്ടി ജനറൽ മാനേജർ-1-9-2014

ബ്രാഞ്ച് മാനേജർ- 22-7-2019

ക്ലാർക്ക്/കാഷ്യർ-22-7-2019

പ്യൂൺ-25-2-2015

(സി) ഇവയിൽ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാനുള്ള ഒഴിവുകൾ എത്രയെന്ന് അറിയിക്കാമോ?

ക്ലാർക്ക്/കാഷ്യർ തസ്തികയിലെ 1 ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുണ്ട്.

(ഡി) പ്രസ്തുത നിയമനം സംബന്ധിച്ച് ഹൈക്കോടതിയിൽ കേസ്സുകൾ നിലവിലുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. ക്ലാർക്ക്/കാഷ്യർ, പ്യൂൺ തസ്തികകളിലെ നിയമനം സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഡബ്ല്യു.പി.(സി)നം. 27938/19, ഡബ്ല്യു.പി.(സി)നം. 34299/19, ഡബ്ല്യു.പി.(സി)നം. 27908/19 എന്നീ കേസുകൾ പെന്റിംഗിലുണ്ട്. പ്യൂൺ തസ്തികയിലെ നിയമനം സംബന്ധിച്ച് നിലനിന്നിരുന്ന ഡബ്ല്യു.പി.(സി)നം. 5838/14, ഡബ്ല്യു.പി.(സി)നം. 1331/20 എന്നീ കേസുകളിൽ 4-2-2020-ന് ബഹുമാനപ്പെട്ട ഹൈക്കോടതി അന്തിമവിധി പുറപ്പെടുവിച്ചിട്ടുണ്ട്. ആയതുപ്രകാരം വേക്കൻസി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വീടുകളിലെത്തി നടത്തുന്ന ഭൂമി രജിസ്ട്രേഷൻ

265(3697) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയെത്തുടർന്ന് വീടുകളിലെത്തി നടത്തുന്ന ഭൂമി രജിസ്ട്രേഷന് നിയന്ത്രണമേർപ്പെടുത്തിയതോടെ വൃദ്ധരും, ഭിന്നശേഷിക്കാരും രോഗികളുമായവർ സ്വത്തുക്കൾ കൈമാറുന്നതിൽ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly